# ഡയറ്റ് മലപ്പുറം - സ്ലേറ്റ് - 2

## മലയാളം, ഇവിഎസ് - പാഠാസൂത്രണരേഖ (കരട്)

| ക്ലാസ് : 2 | യൂണിറ്റ് : 5 | അണ്ണാൻകുഞ്ഞും ആനമൂപ്പനും | മൊഡ്യൂൾ 12 | ഒന്നിച്ചുനിന്നാൽ |
|---|---|---|---|---|

| | |
|---|---|
| **ആമുഖം** | വിപിൻ എന്ന ബാലസാഹിത്യകാരൻ രചിച്ച "അണ്ണാൻകുഞ്ഞും ആനമൂപ്പനും" എന്ന കഥയുടെ സംഗ്രഹിത പുനരാഖ്യാനമാണ് പാഠഭാഗം. ജീവികളുടെ ശാരീരിക പ്രത്യേകതകളെക്കുറിച്ചും സ്വാഭാവസവിശേഷതകളെക്കുറിച്ചും സാമാന്യ ധാരണ കുട്ടികളിലുണ്ടാക്കാൻ പ്രവർത്തനങ്ങളിലൂടെ ഉദ്ദേശിക്കുന്നു.<br>കഥ, ചിത്രകഥ, സംഭാഷണം, അറിയിപ്പ്, ലഘുആത്മകഥ, കടങ്കഥ, കവിത. തുടങ്ങിയ വ്യവഹാര രൂപങ്ങൾ പരിചയപ്പെടാനും ഈ പാഠഭാഗാവതരണം കൊണ്ട് ലക്ഷ്യമിടുന്നു. |
| **പഠനനേട്ടം** | അറിയിപ്പുകൾ വായിച്ച് ആശയം പറയുന്നു. ഉച്ചാരണശുദ്ധിയോടെ വായിക്കുന്നു. രചനകളിലെ തെറ്റുകൾ തിരിച്ചറിയുകയും തിരുത്തി എഴുതുകയും ചെയ്യുക. ചുറ്റുപാടുമുള്ള ജീവികളെ സവിശേഷതകൾക്കനുസരിച്ച് പട്ടികപ്പെടുത്തുന്നു. സഞ്ചാര രീതിയിലെ വ്യത്യാസം തിരിച്ചറിഞ്ഞ് ജീവികളെ വർഗീകരിക്കുന്നു. കഥ കവിത ആസ്പദമാക്കി അഭിനയിക്കുന്നു. |
| **ആശയം** | അറിയിപ്പുകൾ വായിച്ച് ആശയം പറയുന്നതും തയ്യാറാക്കുന്നതും ആശയ വിനിമയത്തിന് സഹായകമാണ്.<br>ഉച്ചാരണ ശുദ്ധിയോടെയുള്ള ശ്രാവ്യവായന, ശ്രവണത്തിലൂടെയുള്ള ആശയ ഗ്രഹണത്തെ സഹായിക്കും<br>നമുക്ക് ചുറ്റും വിവിധതരം ജീവികളുണ്ട് അവയ്ക്ക് പ്രത്യേക സവിശേഷതകൾ ഉണ്ട്<br>ജീവികളെ നിരീക്ഷിക്കുന്നതും അംഗചലനങ്ങൾ അവതരിപ്പിക്കുന്നതും അഭിനയത്തിലേക്ക് നയിക്കും<br>മുഖം മൂടികൾ നിർമ്മിച്ചുപയോഗിക്കുന്നത് രൂപാനുകരണത്തിന്റെയും രൂപനിർമ്മിതിയുടെയും തുടക്കമാണ്. |
| **വ്യവഹാരം** | കഥ |
| **സമാഗ്രികൾ** | മുഖം മൂടികൾ മൃഗങ്ങളുടെ ചിത്രങ്ങൾ ഒട്ടിച്ച കാർഡുകൾ |
| **സമയം** | 6 മണിക്കൂർ |
| **പ്രവർത്തനങ്ങൾ** | 1. ഒന്നിച്ചു നിന്നാൽ 2. പറയാം എഴുതാം 3.തരം തിരിക്കാം 4. അറിയിപ്പ് തയ്യാറാക്കൽ 5. കഥ പറയാം എഴുതാം 6. മുഖം മൂടി നിർമ്മിക്കാം 6. ശബ്ദം അനുകരിക്കാം. 7. അഭിനയിക്കാം. 8. കഥ മാറ്റി എഴുതാം 9. സർഗവേള 10. കഥ പറയൽ |
| **ചുമർചിത്രം** | കഥകൾ, മുഖം മൂടികൾ |
| ദിനാചരണം : | |
| സ.പി.ടി.എ : | |

പ്രവർത്തനം - സൂഷ്മപ്രക്രിയ

**1. ഒന്നിച്ചു നിന്നാൽ ആഖ്യാനം അവതരണം**

അണ്ണാനും ആനമൂപ്പനും കാട്ടിലൂടെ കാഴ്ചകൾ ആസ്വദിച്ച് നടക്കുമ്പോൾ ഏയ് അങ്ങോട്ട് പോകരുത് മരമൂപ്പൻ മുന്നറിയിപ്പ് നൽകി.

**ചോദ്യങ്ങൾ**

എന്തുകൊണ്ടായിരിക്കും മരമൂപ്പൻ അവരെ വിലക്കിയത് ? കുട്ടികളുടെ ഊഹം (റാൻഡം) അവതരണം : ബോർഡിൽ എഴുതൽ, എന്തായിരിക്കും യഥാർത്ഥത്തിൽ അങ്ങനെ പറയാൻ കാരണം? എങ്ങനെ അറിയാം? പാഠ വായനയിലേക്ക്. ഒന്നിച്ച് നിന്നാൽ എന്ന ഭാഗം വായിക്കൽ. വ്യക്തിഗതം (വായന- 1 ) കണ്ടെത്തൽ അവതരണം

ടീച്ചർ ബോർഡിൽ എഴുതുന്നു. ആദ്യം പറഞ്ഞതുമായി തട്ടിച്ചു നോക്കുന്നു. എല്ലാവർക്കും പറയാൻ കഴിഞ്ഞത് എന്തുകൊണ്ട്? അർത്ഥമറിയില്ല, ആശയം കിട്ടുന്നില്ല, വായിക്കാനറിയില്ല ) എങ്ങനെ എല്ലാവർക്കും വായിക്കാൻ കഴിയും. ഒരിക്കൽ കൂടി വായന അറിയുന്നത്, അറിയാത്തത് കണ്ടെത്തൽ അടയാളപ്പെടുത്തൽ. (✓, x ) തുടർന്ന് 3 അംഗ ഗ്രൂപ്പിൽ അവതരണം ചർച്ച -പൊതു അവതണം - ചർച്ച ടീച്ചറുടെ ക്രോഡീകരണം. നോട്ടുബുക്കിൽ എല്ലാവരും എഴുതണം. ഇപ്പോൾ എല്ലാവർക്കും ഈ കഥാഭാഗത്തെ വാക്കുകൾ, പ്രയോഗങ്ങൾ എന്നിവയുടെ അർത്ഥമറിയാം.

**2. പറയാം എഴുതാം**

ഈ കഥയിൽ ഏതൊക്കെ ജീവികളാണ് ഉള്ളത് ! പാഠത്തിൽ പരാമർശിക്കുന്ന ജീവികളുടെ ചുവടെ വരയ്ക്കാം, നോട്ട് ബുക്കിൽ എഴുതൽ

**അവതരണം**

കോഡീകരിക്കൽ

ബോർഡിൽ എഴുതുമ്പോൾ നോട്ട് ബുക്കിലെ തെറ്റുകൾ സ്വയം തിരുത്താനവസരം

**കാട്ടുകടന്നൽ, അണ്ണാൻ, കടുവ, കുരങ്ങൻ, തൂക്കണാം കുരുവി, കരടി, സിംഹം, ആന, കാട്ടുപോത്ത്, തേനീച്ച, ചെന്നായ, കുറുക്കൻ, പുലി**

ചോദ്യചാർട്ട് പ്രദർശിപ്പിക്കൽ

- ആന വേട്ടക്കാരൻ ആനകളെ കൊല്ലുന്നത് എന്തിനാണ്?
- മരത്തിന് മുകളിൽ കയറി നോക്കിയപ്പോൾ അണ്ണാൻ ആരെയാണ് കണ്ടത്?
- മനുഷ്യരെക്കൊണ്ട് പൊറുതിമുട്ടി ഇങ്ങനെ പറഞ്ഞത് ആരായിരിക്കും?
- എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞത്?
- കാട്ട് മൃഗങ്ങളുടെ സ്വഭാവത്തെക്കുറിച്ച് അണ്ണാൻ കുഞ്ഞിന്റെ അഭിപ്രായമെന്ത്?
- കുറുക്കച്ചാരോട് ആന മൂപ്പൻ കല്പിച്ചതെന്താണ്?
- എങ്ങനെയാണ് കാട്ട് മൃഗങ്ങൾ മനുഷ്യരെ ഓടിച്ച് വിട്ടത്?

(കുട്ടി കഥാ ഭാഗം വായിക്കുന്നു)

ചോദ്യ ചാർട്ട് വായന

ഉത്തരം കണ്ടെത്തിയവർ കൈ ഉയർത്തൽ അവതരണം ഓരോരോ ചോദ്യവും അവതരിപ്പിക്കുന്നു

കുട്ടികളുടെ ശ്രാവ്യ വായന ടീച്ചറുടെ മാതൃകാ വായന - പ്രക്രിയ പാലിക്കണം

**പ്രതികരണ പേജിലേക്ക്**

ചോദ്യങ്ങൾ ഉത്തരം കണ്ടെത്താൻ കഴിയുന്നുണ്ടോ? എത്ര പേർക്ക് കഴിഞ്ഞ കാലത്തേക്കാൾ വളർച്ചയുണ്ട്? വായനയുടെ നിലവാരം എന്ത്?

**3. തരം തിരിക്കാം**


മണൽത്തടത്തിൽ വെയ്ക്കാനായി കാട്ടിലേയും (2159 ) നാട്ടിലേയും (2160) മൃഗങ്ങളുടെ ചിത്രം വെട്ടി ഈർക്കിലിൽ വെച്ചത് ഗ്രൂപ്പിൽ കൊടുക്കുന്നു. മണൽത്തടത്തെ രണ്ട് ഭാഗമാക്കുന്നു കാട് / നാട്. അവർക്ക് കിട്ടിയ മൃഗങ്ങളെ തരം തിരിക്കുന്നു. വർക്ക്ഷീറ്റ് 2118 നൽകൽ പൂരിപ്പിക്കൽ

നിഗമനം രൂപീകരിക്കൽ. (കാട്ടിലും നാട്ടിലും ജീവികളുണ്ട്)

പഠനനേട്ടം : കാട്ടിലെയും നാട്ടിലെയും ജീവികളെ തരംതിരിക്കുന്നു. ജീവികളെ വർഗീകരിക്കാം

പറക്കുന്നവർ ആരൊക്കെ? നോട്ടുബുക്കിലേക്ക്. മരം കയറാൻ കഴിയുന്നവർ ആരൊക്കെ? നോട്ടുബുക്കിലേക്ക്

**4. അറിയിപ്പ് തയ്യാറാക്കാം**



കാട്ടിലെ എല്ലാ ജീവികളേയും വിളിച്ച് ചേർക്കാൻ കാട്ടു രാജാവ് നിർദ്ദേശിച്ചു.

എന്താണ് ചെയ്തിട്ടുണ്ടാകുക? അറിയിപ്പിൽ എന്തെല്ലാം വേണം? എത്തിച്ചേരേണ്ടത് എവിടെയായിരിക്കും? എപ്പോഴാണ് എത്തേണ്ടത്? ആരാണ് യോഗം വിളിക്കുന്നത്? അറിയിപ്പ് ബോർഡിൽ എന്തായിരിക്കും എഴുതിയിരിക്കുക? വ്യക്തിഗതമായി അറിയിപ്പ് എഴുതുന്നു.

അവതരണം. ഫീഡ് ബാക്ക് നൽകൽ, ഘടന, എത്തിച്ചേരേണ്ട സ്ഥലം, തിയ്യതി, വിളിയ്ക്കുന്നതാര്

- ടീച്ചർ വേർഷൻ

**അറിയിപ്പ്**

21-01-2016 ന് വൈകുന്നേരം 3 മണിക്ക് മണിമലക്കാട്ടിലെ എല്ലാ ജീവികളും കിങ്ങിണി പുഴയുടെ തീരത്തെ കരിമ്പാറ മൈതാനത്ത് എത്തിച്ചേരേണ്ടതാണ്.

എന്ന് ആനമൂപ്പൻ

**വിലയിരുത്തൽ**

അറിയിപ്പിന്റെ ഘടന, ഉള്ളടക്ക വിശദാംശങ്ങൾ, ആകർഷണീയത, വാക്യഘടന

**പ്രതികരണപേജിലേക്ക്**

മികച്ച രചന നടത്തിയവർ ആരെല്ലാം? രചനയിൽ കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ?

**5. കഥപറയാം എഴുതാം**

ആനവേട്ടക്കാരും മരം വെട്ടുകാരും വീണ്ടും വന്നു ഇത്തവണ കടന്നൽ കുത്തേൽക്കാതിരിക്കാനുള്ള ഒരുക്കങ്ങളുമായാണ് അവർ വന്നത്. കഥയുടെ ബാക്കി പറയൽ, എഴുതൽ. ചോദ്യം അവതരിപ്പിക്കുന്നു

വ്യക്തിഗതമായി ചിന്തിക്കാൻ സമയം നൽകുന്നു. അണ്ണാൻ കുഞ്ഞും കൂട്ടരും എങ്ങനെയാണ് അവരെ ഓടിച്ചിട്ടുണ്ടാവുക. ഗ്രൂപ്പിന്റെ അവതരണം പറയൽ ഗ്രൂപ്പിൽ എഴുതൽ തലക്കെട്ട് നൽകൽ വായിച്ചവതരിപ്പിക്കൽ. വിലയിരുത്തൽ സൂചകങ്ങൾ ഗ്രൂപ്പിൽ നൽകുന്നു. ഉചിതമായ തലക്കെട്ട്, കഥ നടന്ന സ്ഥലം, സംഭവങ്ങൾ, വാക്യഘടന, തെറ്റില്ലാത്ത ഭാഷ. ഗ്രൂപ്പ് ചർച്ച**.** ഗ്രൂപ്പിൽ കഥ എഴുതൽ. വ്യത്യസ്ത മാർഗങ്ങൾ സ്വീകരിച്ച് വേട്ടക്കാരെ ഓടിക്കുന്ന കഥയായി മാറാൻ ആവശ്യമായ ചോദ്യങ്ങൾ ചോദിക്കാം. കടന്നലില്ലാതെ മറ്റേത് ജീവികൾക്കാണ് വേട്ടക്കാരെ ഓടിക്കാൻ കഴിയുക? ജീവികൾ അക്രമിച്ചല്ലാതെ മറ്റെന്തെങ്കിലും രീതിയുണ്ടോ? കുട്ടികൾ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും ചോദ്യങ്ങൾക്കനുയോജ്യമായി ജീവികളെ വർഗ്ഗീകരിക്കുക. ഗ്രൂപ്പിന്റെ അവതരണം പറയൽ ഗ്രൂപ്പിൽ എഴുതൽ തലക്കെട്ട് നൽകൽ വായിച്ചവതരിപ്പിക്കൽ. വിലയിരുത്തൽ സൂചകങ്ങൾ ഗ്രൂപ്പുകൾക്ക് നൽകുന്നു.

**ഉചിതമായ തലക്കെട്ട് കഥ നടന്ന സ്ഥലം സംഭവങ്ങൾ, ആശയക്രമം, വാക്യഘടന, തെറ്റില്ലാത്ത ഭാഷ**

കുട്ടികൾ വിലയിരുത്തുന്നു ഗ്രൂപ്പ് അവതരണം ഗ്രൂപ്പുകൾ അവതരണത്തെക്കുറിച്ച് അഭിപ്രായം പറയൽ ടീച്ചറുടെ അഭിപ്രായം പറയൽ. മറ്റ് സാധ്യതകൾ അവതരണം

**പ്രതികരണ പേജിലേക്ക്**

- മികച്ച തലക്കെട്ടുകൾ ഏതെല്ലാം
- രചനയിലെ എടുത്തുപറയേണ്ട മികവുകൾ/ പോരായ്മകൾ

**6. മുഖം മൂടി നിർമ്മാണം**

മുഖം മൂടികൾ നിർമിക്കൽ സ്റ്റെൻസിൽ ഉപയോഗിച്ച് വരയ്ക്കൽ. മുഖം മൂടി വെട്ടൽ (2162) അനുയോജ്യമായ നിറം നൽകുക കട്ടിയുള്ള കാർഡിൽ ഒട്ടിയ്ക്കൽ കണ്ണിന്റെ ഭാഗം മുറിച്ചെടുക്കൽ മുഖത്ത് ധരിക്കുക

**7. ശബ്ദം അനുകരണം**

ഓരോരുത്തരും അവർക്ക് ലഭിച്ച മുഖം മൂടിക്കനുയോജ്യമായ ശബ്ദം അനുകരിക്കുക

**8. അഭിനയിക്കാം**

കുട്ടികളിൽ ചിലർക്ക് ടീച്ചർ വേട്ടക്കാരുടെ മുഖം മൂടി നൽകുന്നു.

കുട്ടികൾ വേട്ടക്കാരായി വരുന്ന മൃഗങ്ങളുടെ മുഖം മൂടിയണിഞ്ഞ മറ്റ് കുട്ടികൾ അവരെ ഓടിക്കുന്നു.

4 ഗ്രൂപ്പായി മാറി ആസൂത്രണം, അവതരണം, വിലയിരുത്തുന്നു

**പ്രതികരണപേജിലേക്ക്**

- കുട്ടികളുടെ പങ്കാളിത്തം


**9. കഥ മാറ്റി എഴുതൽ**


പാ. പു. 87 വ്യക്തിഗത വായന അടിയിൽ വരയിട്ട പദങ്ങൾ കണ്ടെത്തൽ പറയൽ


ബോർഡിൽ കൂടുതൽ പകരം പദങ്ങൾ മറ്റൊരു ഭാഗത്ത് എഴുതൽ
നോട്ട് ബുക്കിൽ

ഓരോ പദത്തിനും പകരം പദം തെരഞ്ഞെടുത്ത് എഴുതൽ അവതരണം, ചർച്ച കഥ മാറ്റി എഴുതൽ











## ഡയറ്റ് മലപ്പുറം - സ്ലേറ്റ് - 2

### മലയാളം, ഇവിഎസ് - വർക്ക്ഷീറ്റ്-2118

| ക്ലാസ് : 2 | യൂണിറ്റ് : 5 | അണ്ണാൻകുഞ്ഞും ആനമൂപ്പനും | മൊഡ്യൂൾ 12 | ഒന്നിച്ചുനിന്നാൽ |
|---|---|---|---|---|

**എനിക്കറിയാവുന്ന ജീവികൾ**

| കാട്ടിലുള്ളവ | നാട്ടിലുള്ളവ |
|---|---|
| | |

